**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ലോകത്തിലെ പ്രധാനപ്പെട്ട ഒരു വാണിജ്യ കേന്ദ്രമാക്കി വിഴിഞ്ഞം തുറമുഖത്തെ മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല വികസിത നഗരങ്ങളുടെയും വളർച്ചയ്ക്ക് പിന്നിൽ അതിനു സമീപത്തായുള്ള തുറമുഖമാണ് പ്രവർത്തിച്ചിട്ടുള്ളത്. കൊച്ചി നഗരത്തിന്റെ വളർച്ചയും കൊച്ചി തുറമുഖം ആശ്രയിച്ചുള്ള വ്യവസായ പ്രവർത്തന ങ്ങളുടെയും ചുവട് പിടിച്ചായിരുന്നു. ഇത്തരത്തിൽ വലിയ തോതിലുള്ള വികസനം വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യ മാകുന്നതോടു കൂടി തിരുവനന്തപുരത്തും സാധ്യമാകു ന്നതാണ്. ഇത് കേരളമാകെ മാറ്റത്തിന് വഴിയൊരുക്കും.<br><br>വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ അനുബന്ധ മേഖലകളിൽ ആവശ്യമായ ഉണർവ് ഉണ്ടാകുന്നതിനായി വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ വരവോടു കൂടി കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ, ഇതര മേഖലകളിൽ വ്യവസായികം, അവശ്യ സാധനങ്ങൾ തുടങ്ങിയവ ഇറക്കുമതി ചെയ്യുവാനുള്ള സാദ്ധ്യതകൾ മുൻ നിർത്തി വിവിധ മേഖലകളിൽ വൻ പുരോഗതി പ്രതീക്ഷിക്കുന്നു. ദുബായ്, സിംഗപ്പൂർ മുതലായ തുറമുഖങ്ങൾക്കനുബന്ധമായി ഉണ്ടായിട്ടുള്ള നിർമ്മാണ കുതിപ്പ് ഇതാണ് സൂചിപ്പിക്കുന്നത്. എല്ലാ അന്താരാഷ്ട്ര തുറമുഖങ്ങൾക്കനുബന്ധമായും വ്യവസായികവും തൊഴിൽ പരവും നിർമ്മാണപരവുമായ ഉണർവ്വുണ്ടാവുകയും അതുവഴി സമീപ മേഖലയിലെ സാധാരണക്കാരുടെ യുൾപ്പെടെ ജീവിത സാഹചര്യം വൻ തോതിൽ മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ് മുതലായവ വിഭാവനം ചെയ്ത് തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമികാനുമതികളും നൽകിക്കഴിഞ്ഞു.<br><br>ഔട്ടർ റിംഗ് റോഡ് പദ്ധതി നാവായിക്കുളം മുതൽ വിഴിഞ്ഞം വരെയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്കിരുവശങ്ങളിലുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായവും വാണിജ്യശാലകളും സ്ഥാപിക്കപ്പെടുന്നതോടു കൂടി തിരുവനന്തപുരത്തിന്റെ മുഖഛായ തന്നെ മാറുന്ന ബൃഹത് പദ്ധതിയാണിത്.<br><br>ആയതിനാൽ, വിഴിഞ്ഞം തുറമുഖം കേന്ദ്രമാക്കി സാധ്യമായ വ്യാവസായിക, വാണിജ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കി പ്രാദേശിക വികസനം ഉറപ്പാക്കുന്നതി നായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം മൽസ്യത്തൊഴിലാളികൾക്കും പ്രാദേശിക ജനവിഭാഗങ്ങൾക്കും തുറമുഖം മുഖാന്തിരം പ്രയോജനം ലഭ്യമാക്കത്തക്ക രീതിയിലാണ് തുറമുഖ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | രാജ്യത്തെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് തുറമുഖമായി പ്രവർത്തിക്കാൻ വിഴിഞ്ഞത്തിന് കേന്ദ്ര തുറമുഖമന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതോടെ മദർഷിപ്പുകൾക്ക് അടുക്കാനും ചരക്കുകൾ കൈമാറ്റം ചെയ്യാനും സംവിധാനമുള്ള ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞം മാറിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിനായി ചുവടെപ്പറയുന്ന അനുമതികൾ ലഭ്യമായിട്ടുണ്ട്.<br><br>**1. ISPS Compliance Certificate**<br><br>തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതി നായുള്ള Interim ISPS Compliance Certificate കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും 25/09/2024 ന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി 25/03/2029 വരെയാണ്.<br><br>**2.** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് ആക്റ്റ് **1962,** സെക്ഷൻ **7a** പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വിഴിഞ്ഞം തുറമുഖത്ത് കണ്ടെയ്നർ ഉൾപ്പെടെയുള്ള ചരക്കുകൾ കയറ്റിറക്കുമതി ചെയ്യുന്നതിനുള്ള **Customs Port** ആയി പ്രഖ്യാപിച്ചു കൊണ്ട് **2024** ജൂൺ **24** ന് **Central Board of Indirect Taxes and Customs (CBIC)** ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>**3.** കസ്റ്റംസ് ആക്റ്റ് **1962,** സെക്ഷൻ **8** പ്രകാരം, തുറമുഖത്തിലെ ലാന്റിംഗ് ഏരിയയുടെയും, കസ്റ്റംസ് ഏരിയയുടെയും പരിധി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം **2024** ജൂൺ **24** ന് **Central Board of Indirect Taxes and Customs (CBIC)** നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | 4. കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45 മേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു. കസ്റ്റംസ് ഏരിയ റെഗുലേഷൻ 2009 ലെ ചട്ടം 5 പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.<br><br>5. തുറമുഖത്തിന് കസ്റ്റംസ് വകുപ്പിൽ നിന്നും Location Code (IN NYY1) 2024 ജൂൺ 21 ന് ലഭ്യമായിട്ടുണ്ട്.<br><br>6. Navigational Safety in Port Committee (NSPC)- യുടെ ഇടക്കാല ക്ലിയറൻസ് 28/03/2024-ന് ലഭ്യമായിട്ടുണ്ട്, ആയതിന് 07/10/2024 വരെ കാലാവധിയുണ്ട്. സ്ഥിര അംഗീകാരം ഉടൻ തന്നെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**7.** വിഴിഞ്ഞം തുറമുഖത്തിന്റെ **Navigation Chart** കേന്ദ്ര സർക്കാർ സ്ഥാപനമായ **National Hydrographic Office** തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്**.**<br><br>നിലവിൽ തുറമുഖത്തിന്റെ ട്രയൽ റൺ നടക്കുകയാണ്**.** ഈ കാലയളവിൽ തുറമുഖത്തിലെത്തിയ കപ്പലുകളുടെ വിശദാംശങ്ങൾ അനുബന്ധം **1** ആയി ചേർത്തിരിക്കുന്നു**.** |
| (സി) | വിഴിഞ്ഞം പദ്ധതിപ്രദേശത്ത് സർക്കാർ നേരിട്ടും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നും സാമൂഹിക പ്രതിബദ്ധതാ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appeal Committee യേയും സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി. ടി കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി നാളിതുവരെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ആകെ 2702 പദ്ധതി ബാധിതർക്ക് 107.14 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തി നായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ -VISL- കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ഇതിൽ പ്രധാന മേഖലകളിലെ പ്രവർത്തനങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം ഏതെല്ലാം അനുബന്ധ പശ്ചാത്തലസൗകര്യ വികസന പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നത്; പശ്ചാത്തല സൗകര്യ വികസന പദ്ധതികളിൽ പ്രധാനപ്പെട്ട ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | തുറമുഖത്തെ NH-മായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 10.7 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപാതയുടെ നിർമാണത്തിന് ദക്ഷിണ റയിൽവെയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ഔട്ടർ റിങ് റോഡും, വികസന ഇടനാഴിയും ഔട്ടർ ഏരിയ ഗ്രോത് കോറിഡോർ (OAGC) പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്.<br><br>ഔട്ടർ ഏരിയ ഗ്രോത് കോറിഡോർ (OAGC) പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് തലസ്ഥാന നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളുടെ സുസ്ഥിര വികസനത്തോടൊപ്പം തലസ്ഥാന നഗരത്തിന്റെ ഗതാഗതം ഭംഗിയായി കൈകാര്യം ചെയ്യലുമാണ്. കേരള സംസ്ഥാനത്തിലേക്ക് ആഗോള ബിസിനസ്സുകളും നിക്ഷേപവും ആകർഷിക്കുന്ന തിനുള്ള സാഹചര്യം സാധ്യമാക്കുന്നത് മുഖേന സംസ്ഥാനത്ത് സാമ്പത്തിക വളർച്ചയും തൊഴിലവസര ങ്ങളും സൃഷ്ടിക്കുകയും കൂട്ടതൽ വേഗത്തിലാക്കുന്നതിനുമായി ഓട്ടർ റിംഗ് റോഡിന്റെ ഇരുവശവും പ്രത്യേകസാമ്പത്തിക മേഖലക്ക് സമാനമായ ഒരു ഉപഗ്രഹ നഗരമായിട്ട് വികസിപ്പിക്കുക എന്നതാണ്.<br><br>ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ പദ്ധതിയിൽ താഴെപ്പറയുന്നവ വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു.<br><br>1. പ്രത്യേക നിക്ഷേപ മേഖല (SIR)<br><br>2. മാസ്റ്റർ ഡെവലപ്പ്മെന്റ് പ്ലാൻ<br><br>3. ലാന്റ് പൂളിംഗ് പോളിസി<br><br>4. ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോറിൽ ഒരു പുതു നഗരം വികസിപ്പിച്ചെടുക്കൽ.. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| N o | Name of Ship/ Vessel | Capacity (TEU) | Length in metres | Beam in metres (Width) | Draft in metres | Berthing Date |
|---|---|---|---|---|---|---|
| **Details of ships coming at (IN NYY)** | | | | | | |
| | **Operated by Maersk** | | | | | |
| 1 | San Fernando | 8714 | 299.90 | 48.40 | 12.10 | 11.07.2024 |
| 2 | Kmarin Azur | 4556 | 249.90 | 37.40 | 12.60 | 15.07.2024 |
| 3 | Navios Tempo | 4250 | 261.10 | 32.25 | 12.10 | 21.07.2024 |
| | **Medical Emergency** | | | | | |
| 4 | Sanmar Songbird | Brought into basin for evacuation of sick crew member | | | | |
| | **Operated by MSC** | | | | | |
| 5 | MSC Deila | 13,988 | 365.50 | 51.20 | 12.80 | 30.08.2024 |
| 6 | MSC ADU V | 4,738 | 294.00 | 32.00 | | 01.09.2024 |
| 7 | MSC Orion | 14,952 | 366.00 | 51.00 | | 04.09.2024 |
| 8 | MSC Kayley | 15,294 | 366.00 | 51.00 | | 09.09.2024 |
| 9 | MSC Suape VII | 6,250 | 300.00 | 41.00 | | 11.09.2024 |
| 10 | MSC Claude Girardet | 24,166 | 400.00 | 62.00 | | 13.09.2024 |
| 11 | MSC Eva | 14,730 | 366.00 | 51.00 | | 16.09.2024 |
| 12 | MSC Tavvishi | 8,089 | 278.00 | 40.00 | | 19.09.2024 |
| 13 | MSC Eyra | 1,438 | 203.00 | 25.00 | | 21.09.2024 |
| 14 | MSC Capetown III | 2826 | 222.16 | 30.07 | | 22.09.2024 |
| 15 | MSC Rose | | 364.00 | 51.00 | | 23.09.2024 |
| 16 | MSC Anna | | 399.98 | 58.60 | | 27.09.2024 |
| 17 | MSC Palermo | | 366.00 | 51.00 | | 30.09.2024 |
| 18 | MSC Polo | | 184.06 | 25.30 | | 01.10.2024 |
| 19 | AS SICILIA | | 179.74 | 27.65 | | 01.10.2024 |

സെക്ഷൻ ഓഫീസർ

അനുബന്ധം -2

**I) ജീവനോപാധി നഷ്ടപരിഹാരം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 48 പേർക്ക് 2.02 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 107.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.

**II) ആരോഗ്യം**

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും സ്റ്റാഫുകളെ നിയമിക്കുകയും ചെയ്താൽ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**III) വിദ്യാഭ്യാസം**

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകി വരുന്നുണ്ട്.

**IV) കുടിവെള്ളം**

തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിൻറെ പ്ലാന്റിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ൽപ്പരം) ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ചുരുക്കം വീടുകളുടെ സർവ്വേ നടത്തി എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കി കണക്ഷനുകൾ നൽകി വരുന്നു.

**V) ശുചിത്വം**

പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL ന്റെയും AVPPL ന്റെയും ചെലവിൽ ഒരു അജൈവ ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പിലാക്കി വരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർ പരിപാലനത്തിനും നടത്തുന്നതാണ്. ഖര മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**VI) പാർപ്പിടം**

കോട്ടപ്പുറം പ്രദേശത്ത് ഭവന രഹിതരായ 1026 ൽപ്പരം ആളുകൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകുവാനായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. LIFE പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞാൽ ടി 1026 പേർക്ക് മുൻഗണന നൽകി ഭവനങ്ങൾ വിതരണം ചെയ്യുന്നതാണ്.

**VII) മണ്ണെണ്ണ വിതരണം**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും പുറപ്പെടുന്ന യന്ത്രവൽകൃത യാനങ്ങൾക്ക് നിർമ്മാണ കാലയളവിൽ പുലിമുട്ട് ചുറ്റിപ്പോകേണ്ട സാഹചര്യം പരിഗണിച്ച് എഞ്ചിൻ ശേഷിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം 2 വർഷത്തേക്ക് അനുവദിച്ച മണ്ണെണ്ണ വിതരണം ഒരു വർഷത്തേക്ക് കൂടി വർദ്ധിപ്പിച്ച് മത്സ്യഫെഡ് മുഖേന നടത്തി വരുന്നു. പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ നാലാമത് ഒരു വർഷത്തേക്കു കൂടി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി സർക്കാർ നടപടി സ്വീകരിച്ച് വരുന്നു.

**VIII) നിലവിലെ മത്സ്യബന്ധന തുറമുഖ നവീകരണവും പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവും**

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/ GoK, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും CWPRS ന്റെ പഠന റിപ്പോർട്ടിനനുസരണമായി ഗുണഭോക്താക്കളുമായി ചർച്ച നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**IX) സീഫുഡ് പാർക്ക്**

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം മാറ്റി വച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ